പതിന്നാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2783 12/03/2018 ൽ മറുപടിക്ക്

**ഇ-രേഖ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി ആരംഭിച്ച ഇ-രേഖ പദ്ധതി ഏതു ഘട്ടത്തിലാണ് ; ഈ സർക്കാർ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി ആരംഭിച്ച ഇ-രേഖ പദ്ധതിയിലൂടെയും, ഡിജിറ്റൈസേഷൻ സെന്ററുകളിലൂടെയും ഡിജിറ്റൈസ് ചെയ്ത് ലാന്റ് റെക്കോർഡുകളിൽ നിലവിൽ 659 വില്ലേജുകളുടെ FMB കൾ പൊതുജനങ്ങൾക്ക് www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽ നിന്നും ഓൺലൈനായി പണമടച്ച് കൈപ്പറ്റുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. റീസർവ്വെ പൂർത്തിയാക്കിയ ബാക്കി വില്ലേജുകളിലെ ലാന്റ് റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് പൂർത്തിയാക്കുന്ന മുറയ്ക്ക് ഇ-രേഖ വെബ് പോർട്ടലിൽ ലഭ്യമാക്കുന്ന നടപടി സ്വീകരിച്ച് വരുന്നു.<br>മുൻപ് ഡിജിറ്റൈസേഷൻ നടത്തി വന്നിരുന്നു എങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് ഇ-രേഖ വെബ് പോർട്ടൽ നിലവിൽ വന്നതും ഓൺലൈനായി റെക്കോർഡുകൾ നൽകിത്തുടങ്ങിയതും. |
| (ബി) ഇപ്പോൾ എത്ര വില്ലേജുകളിലെ ഭൂരേഖകൾ (എഫ്.എം.ബി) പൊതുജനങ്ങൾക്ക് ഓൺലൈനിൽ എടുക്കാൻ സൗകര്യമുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിൽ മുൻ സർക്കാരിന്റെ കാലത്ത് എത്രയായിരുന്നു ; | (ബി) ഇപ്പോൾ 659 വില്ലേജുകളിലെ ഭൂരേഖകൾ (FMB) പൊതുജനങ്ങൾക്ക് ഓൺലൈനിൽ എടുക്കുവാൻ സൗകര്യമുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 337 വില്ലേജുകൾ ഡിജിറ്റൈസ് ചെയ്തിരുന്നു എങ്കിലും ഓൺലൈനിൽ ലഭ്യമാക്കിയിരുന്നില്ല. |
| (സി) ഇപ്പോൾ എത്ര വില്ലേജുകളിൽ ബി.റ്റി.ആർ ഡിജിറ്റൈസ് ചെയ്തുവെന്നും അതിൽ മുൻ സർക്കാരിന്റെ കാലത്ത് | (സി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1464 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി |

എത്രയായിരുന്നുവെന്നും അറിയിക്കുമോ ;

സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 415 വില്ലേജുകളിൽ ബി.ടി.ആർ ഡിജിറ്റൈസ് ചെയ്തിരുന്നു.

(ഡി) ഇപ്പോൾ എത്ര വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടത്തുന്നുണ്ടെന്നും ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ?

(ഡി) ഇപ്പോൾ 1464 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 415 വില്ലേജുകളിൽ നടപ്പിലാക്കിയിരുന്നു.

സെക്ഷൻ ഓഫീസർ